**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1890** **08-10-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കാലിത്തീറ്റ ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേരള സീഡ്സിന്റെ കാലിത്തീറ്റ ഫാക്ടറിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്തതിൽ സ്ഥലം വിട്ടുനൽകിയ ആർക്കെങ്കിലും ഇനിയും തൊഴിൽ ലഭ്യമാക്കാൻ ബാക്കിയുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകരുടെ പേരുവിവരങ്ങളും ഇതുവരെ തൊഴിൽ നൽകാത്തതിനുള്ള കാരണവും എന്ന് നൽകാനാകുമെന്നും വ്യക്തമാക്കാമോ? | (എ) | കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയുടെ കരുനാഗപ്പള്ളി യൂണിറ്റ് നിർമ്മിക്കുന്നതിനായി സ്ഥലം വിട്ടുനല്കിയ 43 പേരിൽ 30 പേർക്ക് (അവരുടെ കുടുംബാംഗങ്ങൾ/ നോമിനികൾ) കമ്പനിയുടെ 22/02/2012 തീയതിയിലെ ഡയറക്ടർ ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27/03/2012 തീയതി മുതൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 13 LAC (Land Acquisition) നമ്പറുകളിലെ ഭൂവുടമകളായ ശ്രീ.അലക്സാണ്ടർ യേശുദാസൻ, ശ്രീ. മാധവൻകുട്ടി നായർ എന്നിവരുടെ നോമിനികൾക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിശ്ചിത യോഗ്യതയിൽ ഇളവ് വരുത്തി മന്ത്രിസഭയുടെ തീരുമാനത്തിന് വിധേയമായി സ്ഥിര ജോലി നൽകുന്ന കാര്യം 19.07.2016 തീയതിയിലെ ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ നിയമനം KPSC യുടെ പരിധിയിൽപ്പെട്ടതായതിനാൽ ആയത് തുടർന്ന് പരിഗണിയ്ക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ മറ്റൊരു LAC നമ്പറിൽ ഉൾപ്പെട്ട ശ്രീ. സുകുമാരപിള്ളയുടെ നോമിനിയായ ശ്രീ.അശോക് ലാൽ ജോലിയ്ക്കായി മാനേജിംഗ് ഡയറക്ടർക്കും ബഹു. മൃഗസംരക്ഷണവകുപ്പ് മന്ത്രിയ്ക്കും സമർപ്പിച്ച അപേക്ഷ 08.11.2019 നാണ് കമ്പനിയിൽ ലഭിച്ചത്. മറ്റുള്ളവരുടെ വിഷയത്തിൽ അവർ കോടതിയിൽ നൽകിയ കേസ്സിൽ തീർപ്പുണ്ടാകുന്ന മുറയ്ക്ക് കമ്പനി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ